(ബി) ഇല്ലെങ്കിൽ ദൂരം കുറഞ്ഞ റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്താൻ പെർമിറ്റ് നൽകുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ്;

(ഡി) പൂർണ്ണമായും ദേശസാൽക്കരിച്ച റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്താൻ പെർമിറ്റ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് ഇത്തരം പെർമിറ്റു നൽകാൻ ഉദ്ദേശിക്കുന്നത്;

(എഫ്) ഇതിനകം ഏതെങ്കിലും റൂട്ടുകളിൽ പെർമിറ്റ് നൽകി കഴിഞ്ഞുവോ; എങ്കിൽ ഏതെല്ലാം റൂട്ടുകളിൽ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഇല്ല. ഇപ്പോൾ ഷെഡ്യൂളുകളെല്ലാം നടത്താൻ 229 ബസ്സുകളുടെ കുറവുണ്ട്.

(ബി) പൂർണ്ണമായും ദേശസാൽക്കരിച്ച റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകാൻ വ്യവസ്ഥയില്ല. ഓരോ റൂട്ടിലും ബസ്സുകൾക്ക് സർവ്വീസ് നടത്താൻ പെർമിറ്റ് നൽകുന്ന കാര്യം തീരുമാനിക്കുന്നത് ബന്ധപ്പെട്ട ആർ.ടി.എ. കളാണ്.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പൂർണ്ണമായും ദേശസാൽക്കരണം നടത്തിയിട്ടുള്ള റൂട്ടുകളിൽ സർവ്വീസ് നടത്താൻ സ്വകാര്യബസ്സുകൾക്ക് പെർമിറ്റു നൽകാൻ വ്യവസ്ഥയില്ല. എന്നാൽ അത്തരം റൂട്ടുകളിൽ യാത്രാക്ലേശം പരിഹരിക്കാനായി ദേശസാൽകൃത നിബന്ധനകളിൽ ചില ഭേദഗതികൾ വരുത്തി നിർദ്ദിഷ്ട പരിമിതിക്കുള്ളിൽ ഓവർ ലാപ്പിംഗ് അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ഇ) ആലപ്പുഴ—ചേർത്തല മേഖലയിലും വയനാട് മേഖലയിലും.

(എഫ്) ഈ വിധത്തിൽ എങ്ങും പെർമിറ്റ് നൽകിയിട്ടില്ല

Building Centres

132 [175] Dr. A. Subba Rao: Will the Minister for Revenue be pleased to state:

(a) Whether there is any proposal to set up 'Building Centres' in Districts;

(b) If so what are the salient features of the scheme;

(c) In how many Districts do the Government propose to set up such centres during this year 1985-86 and which are the Districts.

Revenue Minister (Shri P. J. Joseph):—(a) There is a proposal to establish 'Building Centres' in the Districts.

(b) The building centres are proposed to be established for manufacture of building materials like bricks, standardised doors and windows, Stone blocks, stabilised soil cement blocks, hollow cement blocks etc. to

LIBRARY ARCHIVES Kerala Legislative Assembly

meet the increasing need of building materails for massive programmes of building construction.

(c) We propose to have them in all the Districts.

കേരള സംസ്ഥാന വ്യവസായവികസന കോർപ്പറേഷന്റെ ധനാഗമമാർഗ്ഗങ്ങൾ

* 133 [176] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനാഗമമാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ വർഷം ഓഹരിമൂലധനത്തിലേക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എത്രകോടി രൂപയാണ്;

(സി) കെ.എസ്.ഐ.സി.ഡി. യുടെ കീഴിൽ പുതുതായി പ്രോജക്റ്റുകൾ തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(ഡി) ഇതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം ഇക്കൊല്ലം ആരംഭിക്കുവാൻ കഴിയുമെന്ന് പറയാമോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ധനാഗമമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു:—

1. സംസ്ഥാന ഗവൺമെന്റിൽ നിന്നുള്ള ഓഹരിമൂലധനം
2. സംസ്ഥാന ഗവൺമെന്റിൽ നിന്നുള്ള വായ്പ.
3. ഗവൺമെന്റിന്റെ ഗ്യാരണ്ടിയോടുകൂടിയ പൊതുക്കടം.
4. കോർപ്പറേഷന്റെ സഹായം ലഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളും തിരിച്ചടയ്ക്കുന്ന വായ്പത്തുകകളും.
5. കോർപ്പറേഷന്റെ സഹായം ലഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ഡിവിഡന്റും പലിശയും.
6. ഐ. ഡി. ബി. ഐ. യിൽ നിന്നും ലഭിക്കുന്ന റീ ഫൈനാൻസ് വായ്പകളും.

(ബി) മൂന്നുകോടി രൂപ

(സി) ഉണ്ട്. 42 പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു.

(ഡി) ഇക്കൊല്ലം ഏകദേശം 13 പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭവനനിർമ്മാണ രംഗത്ത് ധനസഹായം നൽകുന്ന ഏജൻസികൾ

* 134 [178] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ രംഗത്ത് ധനസഹായം നൽകുന്നതിന് കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ഏജൻസികൾ 1984–85 വർഷത്തിൽ സംസ്ഥാനത്ത് എത്ര തുക ഭവനനിർമ്മാണരംഗത്ത് ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly